"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഒറ്റപ്പാലം നഗരസഭയുടെ നേതൃത്വത്തിൽ ഒറ്റപ്പാലത്ത് ഒരു സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

**സ.ഉ.(സാധാ) നം.2069/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 04/11/2020

---

പരാമർശം:- (1) ഒറ്റപ്പാലം നഗരസഭാ സെക്രട്ടറിയുടെ 18.03.2019-ലെ ഇ1-14778/18 നമ്പർ കത്ത്.

(2) പാലക്കാട് ജില്ലാ കളക്ടറുടെ 05.04.2019, 12.06.2019 തീയതികളിലെ ഡി.സി.പി.കെ.ഡി/9374/2018/ഡി6 നമ്പർ കത്ത്.

(3) സ.ഉ.(സാധാ) നം.408/2019/സാം.കാ.വ. തീയതി 07.09.2019.

(4) സ.ഉ.(സാധാ) നം.55/2020/സാം.കാ.വ. തീയതി 31.01.2020.

(5) ജി.ഒ.(ആർ.ടി.) നം.2835/2020/ഫിൻ. തീയതി 21.04.2020.

**ഉത്തരവ്**

ഒറ്റപ്പാലം നഗരസഭയുടെ നേതൃത്വത്തിൽ ഒറ്റപ്പാലത്ത് ഒരു സാംസ്കാരിക നിലയം മൊത്തം 5,38,70,118/- രൂപ (അഞ്ചു കോടി മുപ്പത്തിയെട്ട് ലക്ഷത്തി എഴുപതിനായിരത്തി ഒരുനൂറ്റിപതിനെട്ട് രൂപ) ചെലവിൽ നിജപ്പെടുത്തി നിർമ്മിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി പുറപ്പെടുവിച്ച ഉത്തരവ് പരാമർശം (4) പ്രകാരം റദ്ദാക്കിയിരുന്നു.

2. പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം നഗരസഭയുടെ നേതൃത്വത്തിൽ ഒറ്റപ്പാലത്ത് ഒരു സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി തുക അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പുനപരിശോധിക്കുകയും പ്രസ്തുത പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തുകയുടെ (5,38,70,118/- രൂപ) 20% തുകയായ 107.74 ലക്ഷം രൂപയ്ക്ക് പരാമർശം (5) പ്രകാരം അധിക ധനാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒറ്റപ്പാലം നഗരസഭയുടെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിൽ ഒറ്റപ്പാലത്ത് ഒരു സാംസ്കാരിക നിലയം മൊത്തം 5,38,70,118/- രൂപ (അഞ്ചു കോടി മുപ്പത്തിയെട്ട് ലക്ഷത്തി എഴുപതിനായിരത്തി ഒരുനൂറ്റിപതിനെട്ട് രൂപ) ചെലവിൽ നിർമ്മിക്കുന്നതിനുള്ള ഒറ്റപ്പാലം നഗരസഭാ സെക്രട്ടറിയുടെ പരാമർശം (1)-ലെ പ്രപ്പോസൽ അംഗീകരിച്ച് ഭരണാനുമതി നൽകി കൊണ്ടും, പ്രസ്തുത പദ്ധതി / പ്രവൃത്തിയുടെ ആദ്യ ഗഡു ധനസഹായമായി 1,07,74,000/- രൂപ (ഒരുകോടി ഏഴ് ലക്ഷത്തി എഴുപത്തിനാലായിരം രൂപ) 2020-2021 സാമ്പത്തിക വർഷത്തെ 4217-60-051-94-നോൺ പ്ലാൻ എന്ന ശീർഷകത്തിൽ നിന്ന് ഒറ്റപ്പാലം നഗരസഭയ്ക്ക് അനുവദിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പി .കെ. പ്രതാപൻ**
**ജോയിന്റ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, പാലക്കാട്,
സെക്രട്ടറി, ഒറ്റപ്പാലം നഗരസഭ, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി.എസ്.എസ്.എ.) / (ഇ.ആർ.എസ്.എ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (30.04.2020-ലെ 872249/വിദ്യാ.സി-3/179/2018-ധന)
ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
S. Bindu
സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.